**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 746** **28-01-2026 - ൽ മറുപടിയ്ക്ക്**

**കോട്ടയം ടെക്സ്റ്റൈൽസിന്റെ വൈദ്യുതി കുടിശ്ശിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കോട്ടയം ടെക്സ്റ്റൈൽസിന്റെ നിലവിലെ വൈദ്യുതി കുടിശ്ശികയുടെ ആകെ തുക എത്രയാണെന്നും ഈ കുടിശ്ശിക ഏത് കാലയളവിലേതാണെന്നും അറിയിക്കാമോ; | (എ) | ആകെ കുടിശ്ശിക - 94,95,355/- രൂപ (08/2025 മുതൽ 01/2026 വരെ) |
| (ബി) | സർക്കാർ നിയന്ത്രണത്തിലുള്ള കോട്ടയം ടെക്സ്റ്റൈൽസിന്റെ പ്രവർത്തനം നിലച്ചുപോകാതിരിക്കാനും തൊഴിലാളികളുടെ ഉപജീവനം സംരക്ഷിക്കാനും വൈദ്യുതി കുടിശ്ശിക ഒടുക്കുന്നതിനായി യുക്തിസഹമായ സാവകാശവും തവണകളായ അടവു സൗകര്യവും അനുവദിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ; | (ബി) | കുടിശ്ശികയുടെ നിശ്ചിത ശതമാനം ഉടനടി അടവാക്കുന്നപക്ഷം ബാക്കി കുടിശ്ശിക മാസ തവണകളായി അടക്കാനുള്ള അപേക്ഷ ലഭിക്കുന്ന മുറയ്ക്ക്പരിഗണിക്കുന്നതാണ്. |
| (സി) | സമാന സാഹചര്യങ്ങളിൽ മറ്റ് സർക്കാർ/ പൊതുമേഖല സ്ഥാപനങ്ങൾക്ക് വൈദ്യുതി കുടിശ്ശിക തവണകളായി അടയ്ക്കാൻ അനുമതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതേ മാനദണ്ഡം കോട്ടയം ടെക്സ്റ്റൈൽസിനും ബാധകമാക്കാൻ ആലോചിക്കുന്നുണ്ടോ; വ്യക്തമാക്കാമോ; | (സി) | കോട്ടയം ടെക്സ്റ്റൈൽസിന് (LCN 6/615) 2025 ജനുവരി മുതൽ മാർച്ച് വരെയുള്ള കുടിശ്ശികയ്ക്ക് തവണകളായി അടയ്ക്കാനുള്ള അനുമതി നൽകിയിട്ടുണ്ട്. |
| (ഡി) | വൈദ്യുതി കുടിശ്ശിക കാരണം കോട്ടയം ടെക്സ്റ്റൈൽസിന്റെ വൈദ്യുതി വിച്ഛേദനം സംഭവിക്കാനുള്ള സാഹചര്യം നിലനിൽക്കുന്നുണ്ടോ; എങ്കിൽ അത്തരം അവസ്ഥ ഒഴിവാക്കുന്നതിനായി അടിയന്തരമായി സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണ്? വ്യക്തമാക്കാമോ? | (ഡി) | 94 ലക്ഷം കുടിശ്ശികയുള്ള കോട്ടയം ടെക്സ്റ്റൈൽസിന്റെ വൈദ്യുതി വിച്ഛേദിക്കാതിരിക്കാൻ ആകെ കുടിശ്ശികയുടെ നിശ്ചിത ശതമാനം അടച്ച് ബാക്കിയുള്ള തുക തവണകളാക്കി അടയ്ക്കാൻ അപേക്ഷിക്കാവുന്നതാണ്. എന്നാൽ തവണകളിൽ വീഴ്ചവരുത്തുന്നത് ഉടനടി വൈദ്യുതി വിച്ഛേദനത്തിന് കാരണമാകുന്നതുമാണ്. |

സെക്ഷൻ ഓഫീസർ